24th March 1955]

* SRI C. H. KANARAN :—" Sir, my motion relates to the indiscriminate security proceedings taken by the Police department, Tellicherry, North Malabar, against 11 trade union leaders including the Secretary of the Tellicherry Beedi Thozhilali Union and Secretary, Malabar Beedi Workers' Federation, in connexion with the recent dismissal of workers from a beedi factory at Kodingeri and the failure of the Government and the Labour department to intervene in the matter.

" The workers of the factory were illegally dismissed. They were prepared to have a settlement. The Deputy Collector and others tried for the settlement. But the management were not prepared for a settlement. On the other hand, they organized goondas to beat the workers. The workers had made a representation in the matter, but no action was taken against the management. But security proceedings were instituted against the workers. That means that the workers won't get their just demands conceded. The Government have not acted properly in this matter to redress the grievances of the workers."

THE HON. SRI C. SUBRAMANIAM :—" Even an expression by the hon. Member that the Government have not acted properly in taking these security proceedings will be contempt of Court because the matter is pending in the Court. Therefore, I would request that none of these statements need be published in the Press. The matter is *sub judice* and I am unable to make any statement now."

SRI M. KALYANASUNDARAM :—" Without going into the merits of the case, may I request the Government to consider the question of withdrawal of the proceedings? "

THE HON. SRI C. SUBRAMANIAM :—" That is a different matter. That does not arise under rule 40 at all."

III.—MOTION UNDER RULE 11 OF THE ASSEMBLY RULES *RE* LEAVE OF ABSENCE TO SRI M. K. PADMAPRABHA GOUNDER, M.L.A.

SRI K. RAJARAM :—" Sir, under rule 11 of the Madras Assembly Rules, I beg to move—

> ' *That leave of absence be granted to Sri M. K. Padmaprabha Gounder, M.L.A., till the end of this session from the date of his absence.*' "

The motion was duly seconded.

SRI S. RAMALINGAM :—" அவர் வராததற்குக் காரணம் அறிய விரும்புகிறேன். அவருக்கு ஏதாவது உடம்பு அசௌகரியம் ஏற்பட்டிருக்கிறதா என்பதைத் தெரிவிக்க வேண்டும். "

MR. SPEAKER :—" The hon. Member has written to me that he is not keeping good health and that it will take some time for him to recover fully. I think the House has no objection to grant of leave of absence to the hon. Member. The question is—

' That leave of absence be granted to Sri M. K. Padmaprabha Gounder, M.L.A., till the end of this session from the date of his absence.' "

The motion was put and carried and leave of absence was granted.

MR. SPEAKER :—" Discussion on the Supplementary Statement of Expenditure for the year 1954–55 will commence now. I allot 10 minutes for each speaker. The hon. Member Sri C. H. Kanaran will initiate the debate."

IV.—GENERAL DISCUSSION ON THE SUPPLEMENTARY STATEMENT OF EXPENDITURE FOR THE YEAR 1954-55.

9-35 a.m. * SRI C. H. KANARAN :—" മിസ്റ്റർ സ്പീക്കർ, സർ, ഈ സപ്ലിമെൻററി ഡിമാൻറുകൾ പരിശോധിച്ചാൽ പലയിനങ്ങളിലും എന്തുകൊണ്ടാണ് ഇത്രയധികം ചിലവ് വർദ്ധിച്ചിട്ടുള്ളതെന്നുള്ളതിനെപ്പററി ധാരാളം സംശയങ്ങൾ ഉണ്ടാകുന്നുണ്ട്. ഈ ചെലവിനങ്ങൾ ഗവർമ്മേണ്ടിന്നു മുൻകൂട്ടി കാണാൻ കഴിയാത്തതായിരുന്നോ, പെട്ടെന്നു നേരിട്ട പുതിയ ആവശ്യങ്ങളാണോ എന്നു നാം ഒന്നു പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. ലാൻറ് റവന്യൂ ഡിപ്പാർട്ടുമെൻറിന്നുവേണ്ടി ഒരു തുക ആവശ്യപ്പെടുന്നുണ്ട്. ലാൻറ് സെൻസസ് എടുക്കുന്നതിന്നുവേണ്ടിയുള്ള അധികച്ചെലവ് നിർവ്വഹിക്കാനാണ് ഈ തുകയെന്നറിയുന്നു. ലാൻറ് സെൻസസ് വളരെ അത്യാവശ്യമായ ഒരു കാര്യംതന്നെ. ഈ രാജ്യത്ത് എന്തെങ്കിലും ഭൂപരിഷ്കാരം ഏർപ്പെടുത്തണമെങ്കിൽ ഇവിടത്തെ ഭൂവുടമവ്യവസ്ഥിതികളെപ്പററിയും ജന്മി-കുടിയാൻ ബന്ധങ്ങളെപ്പററിയും മററും ശരിയായ വിവരമുണ്ടായിരിക്കേണ്ടതു് അവശ്യമാണ്. അതിന്നുവേണ്ടി എന്തെങ്കിലും അധികച്ചെലവു വേണ്ടിവന്നാൽ അതു ചെയ്യുന്നതും തെററല്ല. പക്ഷെ ഈ തുക ആവശ്യപ്പെടുന്നതു് എന്തിന്നുവേണ്ടിയാണെന്നു ഒന്നു പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. ഡിസ്ട്രിക്ട് ആഫീസിലും താലൂക്ക് ആഫീസുകളിലും കൂടുതൽ ആളുകളെ വെക്കാനും ഉദ്യോഗസ്ഥന്മാർക്കു അലവൻസ് കൊടുക്കാനുമാണ് തുക ആവശ്യപ്പെട്ടിരിക്കുന്നതു്. പക്ഷെ നിർഭാഗ്യമെന്നു പറയട്ടെ, അംശം ഉദ്യോഗസ്ഥന്മാർക്കു എന്തെങ്കിലു കൊടുക്കണമെന്നുള്ള ഉദ്ദേശം ഗവർമ്മേണ്ടിന്നു കാണുന്നില്ല. ഇത്ര വമ്പിച്ച തുകകൾ ചിലവുചെയ്തു ലാൻറ് സെൻസസ് എടുക്കുമ്പോൾ അതിൻെറ അടിസ്ഥാനപരമായ ജോലിചെയ്യുന്ന അംശം ഉദ്യോഗസ്ഥന്മാർക്കു ഒരു ചെറിയ അലവൻസെങ്കിലും കൊടുക്കാൻ ഗവർമ്മേണ്ടിന്നു സന്മനസ്സുണ്ടായിട്ടില്ലെന്നുള്ളതു് വളരെ ഖേദകരമാണ്. അതിനെപ്പററി ഗവർമ്മേണ്ട് ഒന്നുകൂടെ ആലോചിക്കേണ്ടതാണെന്നു പറഞ്ഞുകൊള്ളട്ടെ.

" അടുത്തതായി എനിക്കു പറയാനുള്ളതു് സെയിൽസ് ടാക്സിനെപ്പററിയാണ്. കൂടുതൽ ഉദ്യോഗസ്ഥന്മാരെവച്ചു നികുതി പിരിക്കാനാണ് കൂടുതൽ തുക വേണമെന്നു പറയുന്നതു്. കുറച്ചൊന്നുമല്ല, ലക്ഷക്കണക്കിനുള്ള തുകയാണ് ആവശ്യപ്പെട്ടിരിക്കുന്നതു്. ഇത്ര വമ്പിച്ച ചെലവുള്ള ഒരു ഡിപ്പാർട്ടുമെൻറിനെ പുലർത്തി നികുതി പിരിച്ചു ജനങ്ങളെ എന്തിനു ബുദ്ധിമുട്ടിക്കുന്നുവെന്നാണ് ഞാൻ ചോദിക്കുന്നതു്. ബഹുമുഖനികുതി നിറുത്തൽ ചെയ്തു ഏകമുഖനികുതി ഏർപ്പെടുത്തുക, 40,000 ഉറുപ്പികക്കു താഴെ വില്പനയുള്ള കച്ചവടക്കാരെ വില്പനനികുതിയിൽനിന്നു ഒഴിവാക്കുക, ഭക്ഷണസാധനങ്ങൾക്ക് നികുതി കെട്ടുന്ന സമ്പ്രദായം പാടെ ഉപേക്ഷിക്കുക ഇങ്ങനെ പല ന്യായമായ കാര്യങ്ങളും ഈ സഭയിലെ അംഗങ്ങളും പുറത്തുള്ളവരും വളരെക്കാലമായി ഗവർമ്മേണ്ടിനോടു ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. അതൊന്നും ചെവികൊള്ളാതെ ഇനിയും കൂടുതൽ ഉദ്യോഗസ്ഥന്മാരെ വച്ചു കൂടുതൽ പണം ചെലവുചെയ്തു കച്ചവടക്കാരെ ബുദ്ധിമുട്ടിക്കുന്നതിന്നുള്ള നടപടികളാണ് ഗവർമ്മേണ്ട് എടുത്തുകൊണ്ടിരിക്കുന്നതു്. ഗവർമ്മേണ്ടിന്നു പണമുണ്ടാകണമെന്നുള്ള വിചാരമല്ലാതെ രാജ്യത്തിലെ പരിതസ്ഥിതികളോ, കച്ചവടക്കാരുടേയും നാട്ടുകാരുടേയും ബുദ്ധിമുട്ടുകളോ ചിന്താവിഷയമാക്കണമെന്നു തോന്നിയിട്ടില്ല. കച്ചവടക്കാർക്ക് എന്തു ബുദ്ധിമുട്ട്? ജനങ്ങളല്ലേ നികുതി കൊടുക്കുന്നതു്? ഇതാണ്